THE TIMES OF INDIA

# ലോക തണ്ണീർത്തടദിനം ആചരിച്ചു

**കോയമ്പത്തൂർ ▸** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനിറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എൻ.വി.എസ്. കേന്ദ്രത്തിൽ ലോക തണ്ണീർത്തട ദിനം ആചരിച്ചു.

ഡയറക്ടർ ഡോ. എസ്. മുരുകേശൻ ഉദ്ഘാടനംചെയ്തു. രാജ്യാന്തര പ്രാധാന്യമുള്ള 37 തണ്ണീർത്തടങ്ങൾ ഇന്ത്യയിലുണ്ട്.

കേരളത്തിൽ രാംസാർ തടങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളത് അഷ്ടമുടിക്കായൽ, ശാസ്താംകോട്ടക്കായൽ, വേമ്പനാട്ടുകായൽ എന്നിവയാണ്. പശ്ചിമബംഗാളിലെ സുന്ദർബൻസ് കഴിഞ്ഞാൽ ഇന്ത്യയിലെ ഏറ്റവും വലിയ തണ്ണീർത്തടം വേമ്പനാട്ടുകായലാണെന്ന് സീനിയർ പ്രിൻസിപ്പൽ സയൻറിസ്റ്റ് കണ്ണൻ സി.എസ്. വാര്യർ വിശദീകരിച്ചു.




▶ കോയമ്പത്തൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എൻ.വി.എസ്. കേന്ദ്രത്തിൽ ലോക തണ്ണീർത്തട ദിനാചരണത്തിൽ ബോധവത്കരണ പോസ്റ്റർ പുറത്തിറക്കിയപ്പോൾ

രാജ്യാന്തരതലത്തിൽ വംശനാശഭീഷണി നേരിടുന്ന പല ജീവജാലങ്ങൾക്കും തണ്ണീർത്തടങ്ങൾ അഭയമാകുന്നു. വനമേഖലയെ അപേക്ഷിച്ച് മൂന്നുമടങ്ങ് വേഗത്തിൽ തണ്ണീർത്തടങ്ങൾ ക്ഷയിച്ചുവരുന്നതായി അദ്ദേഹം പറഞ്ഞു.

'തണ്ണീർത്തടങ്ങളും ജൈവവൈവിധ്യവും' എന്ന വിഷയത്തിൽ വിദ്യാർഥികൾക്ക് പ്രശ്നോത്തരിയും നടന്നു. ബോധവത്കരണ പോസ്റ്റർ പുറത്തിറക്കി.

157. News in Mathrubhumi, Palakkad, 05.02.2020, Observance of World Wetlands Day by IFGTB ENVIS.